ത്യഗ്രഹം നടത്താൻ നിശ്ചയിച്ചിരിക്കുന്ന വിവരം ഗവണ്മെൻറ് ശ്രദ്ധയിൽപ്പെടുത്താൻ ശ്രീ. എ. എസ്. പുരുഷോത്തമൻ റൂം 61 പ്രകാരം നോട്ടീസ് തന്നിട്ടുണ്ട്. ശ്രീ. പുരുഷോത്തമനു എന്തെങ്കിലും പറയുവാനുണ്ടെങ്കിൽ പറയാം.

ശ്രീ. എ. എസ്. പുരുഷോത്തമൻ: സർ, കേരളത്തിലെ 933 പഞ്ചായത്തുകളിലായി ഏഴായിരത്തോളം വരുന്ന പഞ്ചായത്തു ജീവനക്കാർ ഈ വരുന്ന 4-ാം തീയതി കൂട്ടായി ലീവെടുത്തുകൊണ്ടു പഞ്ചായത്തു ഡയറക്ടർ ഓഫീസിനു മുമ്പിൽ നിരാഹാരം അനുഷ്ഠിക്കുവാൻ തീരുമാനിച്ചിരിക്കുകയാണു്. കുറെ നാളുകളായി അവർക്കു സർവ്വീസ്വ്യവസ്ഥകളെ സംബന്ധിച്ചും അതിലും വിശേഷിച്ചു് അതിലെ ലാസ്റ്റു ഗ്രേഡ് ജീവനക്കാർക്കു ഗവണ്മെൻറിലെ മറ്റു ലാസ്റ്റു ഗ്രേഡ് ജീവനക്കാരായ ആളുകൾക്കു ലഭിക്കുന്ന ആനുകൂല്യങ്ങളും ലഭിക്കാത്തതിനെക്കുറിച്ചും മറ്റും ചില അവശതകളും ഉന്നയിച്ചു കൊണ്ടും ഗവണ്മെൻറിനു നൽകിയ നിവേദനങ്ങൾക്കെല്ലാം ആവശ്യമായ പരിഗണനനൽകാതിരിക്കുകയും അതേസമയം ചില കാര്യങ്ങളിൽ അവഗണനയുണ്ടായിട്ടുള്ള തീരുമാനങ്ങളും നടപ്പിലാക്കുന്നതിനു ആവശ്യമായ നടപടി ഡിപ്പാർട്ടുമെൻറു കൈക്കൊണ്ടിട്ടുള്ളതുകൊണ്ടും അവർ ഒരു പ്രത്യക്ഷ സമരത്തിനു നിർബന്ധിതരായിരിക്കുകയാണു്. ഈ നടപടി മൂലം കേരളത്തിലെ 933 പഞ്ചായത്തുകളുടെ പ്രവർത്തനം സ്തംഭിക്കും. പ്രത്യേകിച്ചും പഞ്ചായത്തു ജീവനക്കാർ മറ്റു ഗവണ്മെൻറു ജീവനക്കാരെക്കാളും ഉപരിയായി കൂടുതൽ സമയവും വളരെ ഫലപ്രദമായ സേവനം നടത്തുന്നതുകൊണ്ടു പഞ്ചായത്തു ജീവനക്കാർക്കു ആവശ്യമായ പരിഗണന നൽകിക്കൊണ്ടു് പഞ്ചായത്തിൻറെ സ്തംഭനാവസ്ഥയുണ്ടാകുന്ന സ്ഥിതിവിശേഷം ഇല്ലാതാക്കുന്നതിനു ആവശ്യമായ നടപടി ബഹുമാനപ്പെട്ട മന്ത്രിയും ഗവണ്മെൻറും സ്വീകരിക്കണമെന്നു ഞാൻ അഭ്യർത്ഥിക്കുകയാണു്.

പഞ്ചായത്തും സാമൂഹ്യ വികസനവും മന്ത്രി (ശ്രീ. കെ. അവുക്കാദർകുട്ടി നഹ ഹാജി):

നാളെ ഇതിനു മറുപടി പറയാം.

മി. സ്പീക്കർ: തളിപ്പറമ്പു താലൂക്കിലെ കല്യാട്ടു് പടിയൂർ പഞ്ചായത്തിലെ 'ശ്രീനിവാസ എയിഡഡ് ലോവർ പ്രൈമറി സ്കൂൾ' ചുഴലിക്കാറ്റു മൂലം നിലംപതിച്ചിരിക്കുന്നതുമൂലം ഉണ്ടായിട്ടുള്ള ഗുരുതരാവസ്ഥ ഗവണ്മെൻറിൻറെ ശ്രദ്ധയിൽ പെടുത്താൻ ശ്രീ. കെ. പി. രാഘവപ്പൊതുവാൾ റൂം 61 പ്രകാരം നോട്ടീസ് തന്നിട്ടുണ്ട്. അതു മേൽ നടപടികൾക്കായി ബന്ധപ്പെട്ട മന്ത്രിക്കു അയച്ചുകൊടുക്കുന്നതാണു്.

5. PAPERS LAID ON THE TABLE

Revenue Minister **(Smt. K. R. Gouri)**: Sir, I lay on the Table a copy of the Notification G. O. (P) 346/69/RD, dated 15th July 1969 (S.R.O. No. 294/69) issued by the Government under Section 22 of the Kerala Survey and Boundaries Act, 1961 (37 of 1961) containing amendment to the Kerala Survey and Boundaries Rules, 1964.

Irrigation and Co-operation Minister **(Shri P. Ramunni Kurup)**: Sir, on behalf of the Works Minister, I lay on the Table a copy of the Notification No. 64448/B2/67/PW, dated 23rd August 1969 issued by the Government under sub-section (1) of Section 25 of the Kerala Buildings (Lease and Rent Control) Act, 1965 (2 of 1965).

LIBRARY ARCHIVES Kerala Legislative Assembly